

TUESDAY 03/02/2026 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:** piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/02/2026

1. 2026 ഫെബ്രുവരി 11 മുതൽ 16 വരെ തിരുവനന്തപുരം ആനയറ കാർഷിക മൊത്ത വ്യാപാര വിപണി കോമ്പൗണ്ടിൽ വൈഗ 2026 സംഘടിപ്പിക്കുന്നു. പ്രകൃതികൃഷിയിലൂടെ ഭക്ഷ്യ സുരക്ഷയും പൊതുജന ആരോഗ്യവും, കാർഷിക മൂല്യവർദ്ധനവ്, പ്രോസസ്സിംഗ്, പാക്കേജിംഗ്, ബ്രാൻഡിംഗ്, വിപണന സംവിധാനങ്ങൾ, കാർഷിക യന്ത്രവത്ക്കരണം, അഗ്രി-സ്റ്റാർട്ടപ്പുകൾ, ഡിജിറ്റൽ കാർഷിക സാങ്കേതികവിദ്യകൾ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, അഗ്രി-ഫിനാൻസ്, കയറ്റുമതി സാധ്യതകൾ, തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് വൈഗ 2026 സംഘടിപ്പിക്കുന്നത്.

2. കേരളത്തിൽ കൂൺ കൃഷി ശാസ്ത്രീയമായി വ്യാപിപ്പിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള കൂൺ കർഷകരുടെയും കൂൺ സംരംഭകരുടെയും 25 പേരടങ്ങുന്ന ആദ്യ സംഘം സംസ്ഥാന കൃഷിവകുപ്പിന്റെയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെയും നേതൃത്വത്തിൽ ഹിമാചൽ പ്രദേശങ്ങളിലെ സോളനിലെ ഡയറക്ടറേറ്റ് ഓഫ് മഷ്റൂമിലേക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഒരാഴ്ചത്തെ പരിശീലനങ്ങൾക്കായി യാത്ര തിരിച്ചു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന സമഗ്ര കൂൺ ഗ്രാമം പദ്ധതിയുടെ ഭാഗമായുള്ള തുടർപരിശീലന പരിപാടികളുടെ ഭാഗമായാണ് പഠനയാത്ര. കൂൺ ഇനങ്ങളിലെ കൃഷിയിലെ സാങ്കേതികത്വം, ആധുനിക കൃഷി രീതികൾ, കൂൺ ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ്, വൈവിധ്യമാർന്ന കൂൺ വിഭവങ്ങൾ, വാണിജ്യ പ്രാധാന്യമുള്ള കൂൺ ഇനങ്ങളും ഉത്പന്നങ്ങളും തുടങ്ങി വിവിധങ്ങളായ പരിശീലനങ്ങളാണ് ലക്ഷ്യം.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ ജൈവരോഗ കീടനിയന്ത്രണ സൂക്ഷ്മാണുക്കളും ജീവാണുവളങ്ങളും ഉല്പാദിപ്പിച്ച് വിതരണത്തിന് തയ്യാറായിരിക്കുന്നു. രോഗനിയന്ത്രണത്തിന് സൂക്ഷ്മാണുക്കളായ സ്യൂഡോമോണാസ് ഫ്ലൂറസൻസ്, ട്രൈക്കോഡർമ വിരിഡെ എന്നിവ പൊടി രൂപത്തിലും ദ്രാവക രൂപത്തിലും ലഭ്യമാണ്. കീടനിയന്ത്രണോപാധികളായ ബ്യൂവേറിയ ബാസിയാന, ലെക്കാനിസിലിയം ലെക്കാനി, മെറ്റാറൈസിയം, പേസിലോമൈസസ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തുടങ്ങിയവ ലഭ്യമാണ്. ജീവാണു വളങ്ങളായ മൈക്കോറൈസ, ഫോസ്ഫറസ് ജീവാണുവളം, അസോസ് പൈറില്ലം എന്നിവയും ജൈവകീട രോഗ നിയന്ത്രണ കോമ്പി പായ്ക്കറ്റുകൾ, വെർമികമ്പോസ്റ്റ് എന്നിവയും തയ്യാറാണ്. ആവശ്യക്കാർക്ക് വേണ്ട അളവിൽ പായ്ക്ക് ചെയ്തു നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് 9747238532, 0487-2699087 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർനഴ്സറികളിൽ നിന്ന് കപ്പുതൈകൾ വിതരണത്തിന് തയ്യാറായി വരുന്നു. മുക്കട സെൻട്രൽ നഴ്സറിയിലും കാഞ്ഞിക്കുളം, മഞ്ചേരി, ഉളിക്കൽ, ആലക്കോട്, കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിലും അംഗീകൃത റബ്ബറിനങ്ങളായ ആർ ആർ ഐ ഐ 105, ആർ ആർ ഐ ഐ 430 എന്നിവയുടെ കപ്പുതൈകളാണ് വിതരണത്തിന് തയ്യാറാകുന്നത്. ഈ ഇനങ്ങളുടെ ബഡ്ഡുവുഡ്ഡും മേൽപറഞ്ഞ നഴ്സറികളിൽ ലഭ്യമാണ് ക്രൗൺ ബഡ്ഡിങിന് ഉപയോഗിക്കുന്ന എഫ്.എക്സ് 516 എന്ന ഇനത്തിന്റെ ബഡ്ഡുവുഡ്ഡ് മുക്കട സെൻട്രൽ നഴ്സറി, ഉളിക്കൽ നഴ്സറി എന്നിവിടങ്ങളിൽ നിന്ന് ലഭിക്കും. തൈകളും ബഡ്ഡുവുഡ്ഡും ആവശ്യമുള്ള കർഷകർക്ക്

അടുത്തുള്ള റീജിയണൽ ഓഫീസിലോ മുക്കട സെൻട്രൽ നഴ്സറിയിലോ തന്നാണ്ടിലെ കരം അടച്ച രസീതിന്റെ കോപ്പി സഹിതം 2026 ഫെബ്രുവരി രണ്ടാം തീയതി മുതൽ നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകി തൈകൾ ബുക്ക് ചെയ്യാം. അപേക്ഷാഫോറം റബ്ബർബോർഡിന്റെ ഓഫീസുകളിൽ ലഭ്യമാണ്. www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാഫോറം ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് റീജിയണൽ ഓഫീസുമായോ റബ്ബർബോർഡിന്റെ കോൾസെന്ററുമായോ (04812576622), മുക്കട സെൻട്രൽ നഴ്സറിയുമായോ (6282935868) ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"താറാവ് വളർത്തൽ"** എന്ന വിഷയത്തിൽ 04/02/2026 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491–

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM മുതൽ 5.00 PM വരെയുള്ള സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം